# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 2

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റിവച്ചു

മേയ് ആറ്, ഏഴ്, എട്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ., എം.എസ് സി., എം.കോം., എം.സി.ജെ., എം.എസ്.ഡബ്ല്യൂ., എം.ടി.എ., എം.ടി.എം.(2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാറ്റിവച്ചു. മറ്റു പരീക്ഷകൾക്ക് മാറ്റമില്ല. പുതുക്കിയ പരീക്ഷതീയതി പിന്നീട്.

(പി.ആർ.ഒ./39/786/2019)

## പരീക്ഷ തീയതി

രണ്ടാംവർഷ ബി.എസ് സി. എം.ആർ.ടി.(2016 അഡ്മിഷൻ റഗുലർ) പരീക്ഷ മേയ് 24ന് ആരംഭിക്കും. മേയ് ഏഴുവരെ പിഴയില്ലാതെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ മേയ് എട്ടുവരെയും 1000 രൂപ സൂപ്പർ ഫൈനോടെ മേയ് 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/787/2019)

ഏപ്രിൽ 12ന് നടത്താനിരുന്ന ബി.ടെക്. ആറാംസെമസ്റ്റർ പരീക്ഷയുടെ കാഡ് ആൻഡ് മാനുഫാക്ച്ചറിങ്, മെക്കാട്രോണിക്സ്, കോൺക്രീറ്റ് ടെക്നോളജി, ഡിസ്ട്രിബ്യൂട്ടഡ് സിസ്റ്റം, യൂണിക്സ് ഷെൽ പ്രോഗ്രാമിങ്, റിന്യൂവബിൾ എനർജി റിസോഴ്സസ്, ടെലിവിഷൻ ആൻഡ് റഡാർ എൻജിനീയറിങ്, മെഡിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ എൻജിനീയറിങ്, പ്രോജക്ട് മാനേജ്മെന്റ്, കൺട്രോൾ സിസ്റ്റം എന്നീ വിഷയങ്ങളിലുള്ള പരീക്ഷകൾ മേയ് ഏഴിന് നടക്കും. പരീക്ഷകേന്ദ്രം സമയം എന്നിവയ്ക്ക് മാറ്റമില്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/788/2019)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക്. ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ (2016 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മേയ് 20ന് ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/789/2019)

## എം.ജി.യിൽ ബി.ആർക്ക് സിലബസ് പരിഷ്ക്കരിക്കുന്നു; അക്കാദമിക-പരീക്ഷ കലണ്ടറും ചോദ്യബാങ്കും തയാറാക്കും

മഹാത്മാഗാന്ധി സർവകലാശാലയിലെ ബാച്ചിലർ ഓഫ് ആർക്കിടെക്ച്ചർ പ്രോഗ്രാമിന്റെ സിലബസ് പരിഷ്ക്കരിക്കുന്നു. പരിഷ്ക്കരണം ഈ അധ്യയന വർഷം മുതൽ നടപ്പാക്കാനാണ് ആലോചന.

സർവകലാശാല സെനറ്റ് ഹാളിൽ നടന്ന ബി .ആർക്. കോളജ് പ്രിൻസിപ്പൽമാരുടെ യോഗത്തിലുയർന്ന ഇതുസംബന്ധിച്ച നിർദേശങ്ങൾ വൈസ്ചാൻസലർക്ക് സമർപ്പിക്കും.

ആറുവർഷം മുമ്പാണ് ബി .ആർക്. സിലബസ് പരിഷ്ക്കരിച്ചത്. സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയാണ് ലക്ഷ്യം . സിലബസ് പരിഷ്ക്കരണത്തിനായി അധ്യാപകരുടെ വിദഗ്ധസമിതിയെ നിയോഗിക്കും . പ്രത്യേക ശിൽപശാല സംഘടിപ്പിക്കും . മറ്റു ബിരുദ , ബിരുദാനന്തര പ്രോഗ്രാം പരീക്ഷകൾക്ക വിജയകരമായി നടപ്പാക്കിയ ചോദ്യബാങ്ക് സംവിധാനവും ബി.ആർക്കിന് നടപ്പാക്കും. കോഴ്സ് സമയബന്ധിതമായി തീർക്കുന്നതിന് അക്കാദമിക -പരീക്ഷ കലണ്ടർ തയാറാക്കാനും യോഗത്തിൽ ധാരണയായി. സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ . ആർ. പ്രഗാഷ് യോഗം ഉദ്ഘാടനം ചെയ്തു.

സിൻഡിക്കേറ്റംഗം ഡോ . പി.കെ. പദ്മകുമാർ അധ്യക്ഷത വഹിച്ചു . സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ് , ഡോ. എ. ജോസ്, പരീക്ഷ കൺട്രോളർ പ്രൊഫ . ബി. പ്രകാശ്കുമാർ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ./39/790/2019)

## എം.ജി.യിൽ പ്രഭാഷണ പരിപാടി ഇന്നാരംഭിക്കും

മഹാത്മാഗാന്ധി സർവകലാശാല ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ഔഷധ-ഭക്ഷണ മേഖലയിലെ കണ്ടുപിടുത്തങ്ങളും ബൗദ്ധിക സ്വത്തവകാശ മാനേജ്മെന്റും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന പ്രഭാഷണ പരിപാടി ഇന്ന് (മേയ് 3) ആരംഭിക്കും. സ്കൂൾ ഓഫ് ബയോസയൻസസിൽ രാവിലെ 10ന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസ് ഉദ്ഘാടനം നിർവഹിക്കും.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക് നോളജി എന്റർപ്രണർഷിപ്പ് ആൻഡ് മാനേജ് മെന്റിലെ അസോസിയേറ്റ് പ്രൊഫസർ ഡോ . സുനിൽ പരീഖ് അധ്യക്ഷത വഹിക്കും . ഡോ. കെ.ബി. രമേശ് കുമാർ, അഡ്വ. ബിനോയ് കടവൻ എന്നിവർ പ്രഭാഷണം നടത്തും . രജിസ്ട്രേഷൻ സൗജന്യമാണ് . വിശദവിവരത്തിന് ഫോൺ: 9847901149.

(പി.ആർ.ഒ./39/791/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ